(സി) പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളുടെ വേതനം സംസ്ഥാന വ്യാപകമായ പ്ലാന്റേഷൻ ലേബർ കമ്മിറ്റി സെറ്റിൽമെന്റ് പ്രകാരമാണ് പുതുക്കുന്നത്. 1-4-1999 മുതൽ പ്രാബല്യത്തിൽ വരുന്ന വിധമാണ് ഇത് അവസാനമായി പുതുക്കിയത്. 31-3-2002-ൽ ഇതിന്റെ കാലാവധി കഴിഞ്ഞെങ്കിലും പുതിയ പി. എൽ. സി. സെറ്റിൽമെന്റ് ആയിട്ടില്ല. സ്റ്റാഫിന്റെയും ഓഫീസർമാരുടേയും വേതന കരാർ ഏറ്റവും ഒടുവിൽ പുതുക്കിയത് 25-10-1991-ൽ ആണ്. ഇതിന്റെ കാലാവധി 24-10-1996-ൽ അവസാനിച്ചു. സ്റ്റാഫിന്റെയും ഓഫീസർമാരുടെയും വേതനകരാർ പുതുക്കുന്നതു സംബന്ധിച്ച വിഷയം വിശദമായി പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ചുമതലപ്പെടുത്തിയ സബ്കമ്മിറ്റിയുടെ പ്രൊപ്പോസൽ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ മുമ്പാകെ അവതരിപ്പിച്ച് ചർച്ച ചെയ്തതിനുശേഷം ബോർഡിൽ സമർപ്പിക്കുവാൻ തയ്യാറായി വരികയാണ്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാർക്കായി തുടങ്ങിയിരിക്കുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതി സാമ്പത്തിക പ്രതിസന്ധിമൂലം മുൻ സർക്കാരിന്റെ കാലത്തുതന്നെ നിർത്തി വച്ചിരുന്നു. അതുപോലെ മുൻ സർക്കാരിന്റെ കാലത്ത് കാസർഗോഡ് എസ്റ്റേറ്റിൽ പുതിയതായി ആരംഭിച്ച ആശുപത്രി രോഗികൾ എത്താത്തതുമൂലം പ്രവർത്തനം നിർത്തിയിരുന്നു. അതൊഴിച്ച് നിലവിലുണ്ടായിരുന്ന ചികിത്സാ പദ്ധതികൾ ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

കൊപ്രാഡ്രയറുകളിലുണ്ടാക്കുന്ന കൊപ്ര വിപണനം ചെയ്യാൻ നടപടി

72 (2521) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ സ്വയം സഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഓയിൽ മിൽ സ്ഥാപിക്കുമോ ;

(ബി) അല്ലാത്തപക്ഷം കൊപ്രഡ്രയറുകളിലുണ്ടാക്കുന്ന കൊപ്ര വിപണനം ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) വനിതാ സ്വയംസഹായസംഘങ്ങൾക്ക് സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരം അനുവദിക്കുന്ന ഡ്രയറുകളിൽ ഉല്പാദിപ്പിക്കുന്ന കൊപ്ര കേരഫെഡ് മുഖാന്തിരം സംഭരിക്കുവാൻ ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly